LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനി എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്നറിയിക്കുമോ;

(സി) ആയതിന്റെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ഡി) ഇനിയും കണക്ഷൻ ലഭിക്കാത്തവർക്ക് കണക്ഷൻ നൽകാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെട്ട എല്ലാ അപേക്ഷകർക്കും KSEBL വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിരുന്നു. വയറിംഗ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുകയും ആവശ്യമായ തുക അടയ്ക്കുകയും ചെയ്യുന്ന എല്ലാ അപേക്ഷകർക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി.എൽ നൽകിവരുന്നു. അതോടൊപ്പം 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL-ന്റെ ഫണ്ടുപയോഗിച്ച് നൽകിവരുന്നു. എന്നാൽ വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി-യിൽ ലഭ്യമല്ല. ഇനിയും വൈദ്യുതി കണക്ഷൻ എടുക്കാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ശേഖരിക്കുവാനും തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കാനും KSEBL നടപടി ആരംഭിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിനാവശ്യമായ തുക തദ്ദേശ സ്വയംഭരണ വകുപ്പ് / പട്ടിക വർഗ്ഗ വകുപ്പ് / ഉപഭോക്താവ് അടയ്ക്കുന്ന മുറയ്ക്ക് വൈദ്യുതീകരണം പൂർത്തീകരിക്കുന്നതാണ്.

**വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

207(5366) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ മലയോര ഗ്രാമ പഞ്ചായത്തുകളിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ; പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ട്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കതിക പഠനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല. സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഒറ്റശേഖരമംഗലം, വെള്ളറട, അമ്പൂരി, കള്ളിക്കാട് എന്നിവിടങ്ങളിൽ കാലാവസ്ഥാ വ്യതിയാനം ഉണ്ടാകുമ്പോൾ വൈദ്യുതി ലൈനുകളും പോസ്റ്റുകളും തകരുന്നതുകൊണ്ടുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ പൂർണ്ണമായും കവേർഡ് ഇലക്ട്രിസിറ്റി ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(ബി&സി) സ്വീകരിച്ചിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിലെ ഒറ്റശേഖരമംഗലം, വെള്ളറട, അമ്പൂരി, കള്ളിക്കാട് എന്നിവിടങ്ങളിൽ ഭൂരിഭാഗം HT/ LT ലൈനുകൾ റോഡരികിലൂടെയാണ് വലിച്ചിട്ടുള്ളതെങ്കിലും കാലാവസ്ഥ വ്യതിയാനംമൂലമുണ്ടാകുന്ന കാറ്റിലും മഴയിലും വലിയ മരക്കൊമ്പുകൾ വീഴുന്നതുമൂലവും മരങ്ങൾ കടപുഴകി വീഴുന്നതുകാരണവും നിരവധി പോസ്റ്റുകൾക്കും ലൈനുകൾക്കും തകരാർ സംഭവിക്കുകയും ആയത് ഉടനടി പരിഹരിക്കുകയും ചെയ്തുവരുന്നു. ടി പഞ്ചായത്തുകളിലെ LT/HT ലൈനുകൾ കവചിത ലൈനുകളാക്കിമാറ്റുന്ന പ്രവൃത്തി ഘട്ടംഘട്ടമായി ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ദ്യുതി 2021 പദ്ധതിയിൽപ്പെടുത്തി 5 കി.മീ. LT ABC (Arial Bunched Cable) വലിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കൂടാതെ 8 കി.മീ. LT ABC-യും 1.5 കി.മീ. HT ABC- യും വലിക്കുന്ന പ്രവൃത്തി ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പാറശ്ശാല നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ മലയോര ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ട്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പാറശ്ശാല നിയോജകമണ്ഡലത്തിൽ ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ HT OH ലൈനുകളും, എ.ബി.സി. ഉപയോഗിച്ച് HT ലൈനുകളും LT OH ലൈനുകളും പുതുതായി സ്ഥാപിച്ചുവരുന്നു. കൂടാതെ 12 കി.മീ LT ലൈനുകളുടെ റീ-കണ്ടക്ടറിംഗ് 8 കി.മീ HT ലൈനുകളുടെ റീ-കണ്ടക്ടറിംഗും നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 3 കി.മീ. LT ലൈനുകളുടെ റീ-കണ്ടക്ടറിംഗ് 8 കി.മീ HT ലൈനുകളുടെ റീ-കണ്ടക്ടറിംഗും ചെയ്തുവരുന്നു. ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 31975 LED ബൾബുകൾ ഇതുവരെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒറ്റശേഖരമംഗലത്തെ ചേനാട് ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. കള്ളിക്കാട് ഒരു ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly